(ജി) അഴിമതി നടന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. അതുകൊണ്ട് ചോദ്യം ഉദിക്കുന്നില്ല.

കോളനി നിവാസികളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്താൻ നടപടി

19 (3418) ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ :- താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായ-ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറൻമുള നിയോജകമണ്ഡലത്തിലെ കുളനട പഞ്ചായത്തിലെ പുത്തൻകാട് പട്ടികജാതി കോളനി നിവാസികളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്താൻ ആവശ്യമായ നടപടി സ്വീകരിക്കുമോ;

(ബി) പ്രസ്തുത കോളനി നിവാസികൾക്ക് കൈവശ ഭൂമിയ്ക്ക് പട്ടയം നല്കാൻ നടപടി സ്വീകരിക്കുമോ;

(സി) കോളനിയിലെ എല്ലാ വീടുകളും സൗജന്യമായി വൈദ്യുതീകരണം ചെയ്യാൻ നടപടി സ്വീകരിക്കുമോ;

(ഡി) കോളനിയിലേക്ക് ആവശ്യമായ സഞ്ചാരയോഗ്യമായ റോഡുകൾ നിർമ്മിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ബന്ധപ്പെട്ട തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ വഴി നടപടി സ്വീകരിക്കുന്നതാണ്.

(ബി) പരിശോധിക്കുന്നതാണ്.

(സി) ആന്റ് (ഡി) നടപടി സ്വീകരിക്കുന്നതാണ്.

അഖിലേന്ത്യാ മത്സരപരീക്ഷകളിൽ പട്ടികജാതി/പട്ടികവർഗ്ഗക്കാരുടെ എണ്ണം കുറഞ്ഞുവരുന്നത് സംബന്ധിച്ച പഠനം

20 (3419) ശ്രീ. തമ്പാനൂർ രവി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഐ.എ.എസ്. ഐ.എഫ്.എസ് തുടങ്ങിയ അഖിലേന്ത്യാ മത്സര പരീക്ഷകളിൽ വിജയിക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗക്കാരുടെ എണ്ണം കുറഞ്ഞുവരുന്നതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതിന്റെ കാരണങ്ങളെക്കുറിച്ച് ഗവൺമെന്റ് പഠനം നടത്തിയിട്ടുണ്ടോ;

(സി) വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) അഖിലേന്ത്യാ മത്സര പരീക്ഷകളിൽ പങ്കെടുക്കുവാൻ ഉദ്ദേശിക്കുന്ന പട്ടികജാതി-പട്ടികവർഗ്ഗ ഉദ്യോഗാർത്ഥികൾക്ക് പരിശീലനം നൽകുന്നതിന് ഇപ്പോൾ എന്തൊക്കെ സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ;

(ഇ) നിലവിലുള്ള സംവിധാനം കാര്യക്ഷമമല്ല എന്നകാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly